**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **14-02-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട വ്യവസായ മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനമൊട്ടാകെ ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ സംരംഭമാണ് സ്റ്റാർട്ട് അപ്പ് സിറ്റി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന രീതിയിൽ സംരംഭകത്വത്തെ പിന്തുണയ്ക്കുന്ന ഒരു ഉദ്യമമാണ് സ്റ്റാർട്ട് അപ്പ് സിറ്റി. സ്റ്റാർട്ട് അപ്പ് സിറ്റിയുടെ നടത്തിപ്പ് ചുമതല കേരള സ്റ്റാർട്ടപ്പ് മിഷനും കേരള എംപവർമെന്റ് സൊസൈറ്റിക്കുമാണ്. 'അഗ്രിഗേഷൻ മോഡൽ' മുഖാന്തരം സംരംഭകർക്ക് വിപണി കണ്ടെത്താൻ സഹായിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് മാത്രമായി എന്തെങ്കിലും പ്രത്യേക വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വനിതകൾക്ക് മാത്രമായി പ്രത്യേക വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി നിലവിലില്ല. എന്നാൽ വനിതകൾക്ക് മുൻഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ